**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ ആറ്റാശ്ശേരിയിലും കുമരംപുത്തൂർ സെക്ഷന്റെ കീഴിലും വരുന്ന സ്ഥലങ്ങളിൽ 11 കെ.വി. വിതരണ ലൈനുകളുടെ ദൈർഘ്യത്താലും വിസ്തൃതിയാലും വൈദ്യുതി വിതരണത്തിൽ ഇടയ്ക്കിടെ തടസ്സങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുതിയ വൈദ്യുത കണക്ഷന് അപേക്ഷിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ പവർ ലഭ്യമല്ലെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ പ്രദേശത്ത് ഒരു 110 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ സബ് സ്റ്റേഷൻ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കുമരംപുത്തൂർ പ്രദേശത്ത് ഒരു 33 കെ.വി സബ്സ്റ്റേഷന്റെ ആവശ്യകത സംബന്ധിച്ച് സാങ്കേതിക പഠനം നടത്തുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു. ടി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടാൽ സ്ഥല ലഭ്യത പരിഗണിച്ച് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ